ഇ.എം.(2) 42168/2016

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 10.7.2018

## സർക്കുലർ നമ്പർ. 38/2018

വിഷയം: സഹകരണ വകുപ്പ്- സഹകരണ സ്ഥാപനങ്ങളിലെ പാർട്ട്-ടൈം സ്വീപ്പർ ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡ്, അനുവദിക്കുന്നത് - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. സർക്കാരിന്റെ 23.8.2005 ലെ പി.നം.220/2005/സഹ.നം.ഉത്തരവ്
2. സഹകരണ സംഘം രജിസ്ട്രാറുടെ 22.5.2008 ലെ 4/2008 -ാം നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 7.2.2011 ലെ 13/11-ാം നം. സർക്കുലർ
4. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയന്റെ 4.8.2016 ലെ നിവേദനം.
5. സർക്കാരിന്റെ 23.10.2017 ലെ സഹ.സി.3/211/2016/സഹ.നം. കത്ത്
6. സർക്കുലർ നമ്പർ 46/2015 തീയതി 16.11.2015

.....

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിലുള്ള ജീവനക്കാർക്ക് 1.4.2004 മുതൽ ശമ്പള സ്കെയിൽ അനുവദിച്ച് കൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (2) ലെ സർക്കുലർ പ്രകാരം പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ പാർട്ട്-ടൈം- സ്വീപ്പർ ജീവനക്കാരുടെ റിട്ടയർമെന്റ് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശവും സൂചന (3) സർക്കുലർ പ്രകാരം ടി ജീവനക്കാരുടെ നിയമനവും, സേവന വേതന വ്യവസ്ഥകളും സംബന്ധിച്ച നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാർട്ട് -ടൈം- സ്വീപ്പർ ജീവനക്കാർക്ക് സൂചന (5) പ്രകാരം സർക്കാർ സമയബന്ധിത ഹയർഗ്രേഡ്, അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ പാർട്ട്-ടൈം- സ്വീപ്പർ ജീവനക്കാർക്ക് സൂചന (1) പ്രകാരം ശമ്പള സ്കെയിൽ അനുവദിച്ചു നൽകിയ 1.4.2004 മുതൽ സമയബന്ധിത ഹയർഗ്രേഡിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. 1.4.2012 മുതൽ ഒന്നാമത്തെ ഹയർഗ്രേഡിന് അർഹമായ

പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർക്ക് 2900–100/1–/3000–150/8–4200–200/3–4800 സ്കെയിലും, 1.4.2014 മുതൽ ഒന്നാമത്തെ ഹയർ ഗ്രേഡിന് അർഹമായ ടി ജീവനക്കാർക്ക് 5320–140/5460–160/6–6420–180/ 6–7500–200/5– 8500– 250/3–9250 സ്കെയിലും നിർണ്ണയിച്ച് ഉത്തരവാകുന്നു.

2. 16 വർഷം സർവീസ് പൂർത്തിയാക്കുന്ന തീയതിക്ക് രണ്ടാമത്തെ ഹയർഗ്രേഡ് 5620–160/5–6420–180/6–7500–200/5–8500–250/5–9750 ശമ്പള സ്കെയിലിൽ അനുവദിക്കാവുന്നതാണ്.

3 1.4.2014 ന് മുമ്പ് ഒന്നാമത്തെ ഹയർ ഗ്രേഡ് ലഭിക്കുന്ന ജീവനക്കാർക്ക് സൂചന (6) സർക്കുലർ വ്യവസ്ഥ പ്രകാരം 5320–9250 രൂപ ശമ്പള സ്കെയി ലിൽ ശമ്പളം നിർണ്ണയിച്ച് നൽകാവുന്നതാണ്. ടി സർക്കുലർ പ്രകാരം നൽകിയ ഓപ്ഷൻ തീയതിയിൽ മാറ്റം അനുവദനീയമല്ല.

4. പാർട്ട്–ടൈം–സ്വീപ്പർ തസ്തിക കേരള സഹകരണ നിയമം അനുബന്ധം III ൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടി തസ്തികയിൽ നിയമിക്കപ്പെടുന്നവർ 58–ാമത്തെ വയസ്സിൽ വിരമിക്കേണ്ടതാണ്. എന്നാൽ ഈ സർക്കുലർ തീയതിയിൽ സർവീ സിൽ തുടരുന്ന പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർ 65–ാമത്തെ വയസ്സിൽ സർവീസിൽ നിന്നും വിരമിക്കേണ്ടതുമാണ്.

ഒപ്പ്,
ഇ.ആർ.രാധാമണി
സഹകരണ സംഘം രജിസ്ട്രാർ(ഇൻ ചാർജ്ജ്)

പകർപ്പ്

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
4. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
5. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മുഖേന
6. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/ സ്ഥാപന ങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എഡിറ്റർ, സഹകരണ വീഥി
8. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
9. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)